ഈലം

വിനോദ് കൃഷ്ണ



ഈലം
വിനോദ് കൃഷ്ണ
(മലയാളം: ചെറുകഥ)

© 2021, Vinod Krishna

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Starry Night Over the Rhone, A photograph by Vincent van Gogh (1853–1890). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഈലം (Elam) എന്ന സ്ഥലത്താണ് ലോക നാഗരികതയുടെ ഉറവിടം. ടൈഗ്രസ് നദിയുടെ കരയിൽ സ്ഥിതി ചെയ്യുന്ന സുസ (Susa) ആയിരുന്നു ഈലത്തിന്റെ തലസ്ഥാനം.

ഔഗലം

സംസ്കാരം ഉറങ്ങുകയോ ഉറങ്ങാതിരിക്കുകയോ ചെയ്യുന്ന നദീതടത്തിലാണ് നക്ഷത്രബാർ സ്ഥിതി ചെയ്യുന്നത്. കാൽപാദം നനയാൻ മാത്രം വെള്ളമുള്ള നദി കടന്ന വരും പോലെയായിരുന്നു പരികം നരച്ച അതികായൻ ബാറിലേക്ക് കയറിയത്. ഗോത്ര തലവൻ ആലിംഗനം ചെയ്യു പുരാതന മരത്തിന്റെ തടി കൊണ്ട് നിർമ്മിച്ച വർണ്ണക്കസേരകളായിരുന്നു ആ ബാറിൽ നിറയെ. വൃദ്ധൻ അതിൽ ഒന്നിൽ പോയി ഇരുന്നു. പതിവായി ഇരിക്കാറുള്ള വട്ടമേശ കഴിഞ്ഞിരുന്നു. ഹാപ്പി ഹവർ ആയിരുന്നതിനാൽ ബാറിൽ വലിയ തിരക്ക് ഉണ്ടായിരുന്നില്ല. ഒരു പറ്റം ചെറുപ്പക്കാരുടെ ആഹ്ലാദ സംസാരത്തിൽ അലോസരപ്പെടാതെ തന്റെ നിഴൽ നോക്കിയിരുന്ന് മദ്യപിക്കുന്ന കഷണ്ടിക്കാരനെ കണ്ടപ്പോൾ വൃദ്ധന് മനസ്സുഖം തോന്നി. അയാൾ കസേരയിൽ ഒന്നമർന്നിരുന്നു. വെയ്റ്റർ ജൈവികമല്ലാത്ത പുഞ്ചിരി തൂകി അയാളെ വരവേറ്റു.

'രണ്ട് മെക്കിൻ ബിയർ എടുത്തോ... ചിൽഡ് മതി'

വെയ്റ്റർ എന്തെങ്കിലും ചോദിക്കുന്നതിന് മുന്നേ വൃദ്ധൻ ഭാവ വ്യത്യാസമില്ലാതെ പറഞ്ഞു.

'സർ കഴിക്കാൻ മറ്റേതെങ്കിലും വേണോ?'

'മീൻ ഐറ്റം എന്താണുള്ളത്...?'

'ചെമ്പല്ലിയുണ്ട് സർ.'

'വലുതാണോ?' അയാളുടെ മുഖമൊന്ന് വിടർന്നു.

'രണ്ടു കിലോക്ക് അടുത്ത് കാണും.'

'എങ്കിൽ വലുത് നോക്കി ഒരെണ്ണം എടുത്തോ.'

വെയ്റ്റർ ഉടനെ പോയി ബിയറുമായി വന്നു. വലിയ ഗ്ലാസിൽ ഒഴിച്ച് കൊടുത്തു. വൃദ്ധൻ പത പൊന്തുന്നത് നോക്കികൊണ്ടിരുന്നു. കഴിഞ്ഞ ആഴ്ച ചെമ്പല്ലി തിന്നപ്പോൾ അതിന്റെ ഉള്ളിൽ നിന്ന് ഒരു വെടിയുണ്ട ലഭിച്ചിരുന്നു. ആ ഓർമ്മയിൽ അയാൾ ബിയർ മുത്തി. അന്ന് ലഭിച്ച വെടിയുണ്ട ഒരു മദ്യക്കുപ്പിയിൽ അടച്ചു വെച്ച് അലമാരയിൽ സൂക്ഷിച്ചിരിക്കുകയാണ്. വൃദ്ധൻ ആനന്ദത്തോടെ തണുത്ത ബിയർ ഗ്ലാസ് ഒന്നമർത്തി പിടിച്ചു.

വെയ്റ്റർ ഒരു വലിയ നാക്കില അയാളുടെ ടേബിളിൽ കൊണ്ടുവന്ന് വിരിച്ചു. അതിനിടയിൽ ചുവന്ന ടീഷർട്ട് ധരിച്ച ഒരു ചെറുപ്പക്കാരനും അവന്റെ സുഹൃത്തും ബാറിലേക്ക് കയറി വന്ന് അധികാരഭാവത്തോടെ വൃദ്ധന് മുന്നിലായി ഒരിടത്ത് സ്ഥാനം പിടിച്ചിരുന്നു. ബാറിലെ നേർത്ത സംഗീതം ആ ചെറുപ്പക്കാരുടെ സാന്നിദ്ധ്യത്തിന് വളരെ ചേരുന്നതായി വൃദ്ധന് തോന്നി.

വെയ്റ്റർ ചെറുപ്പക്കാരുടെ ഓർഡർ എടുത്തു അകത്തേക്ക് പോയി. മാനേജർ കസ്റ്റമേഴ്സിന്റെ ഇടയിലൂടെ പുഞ്ചിരിച്ചു കൊണ്ട് ഒരു റൗണ്ട് നടന്ന ശേഷം കൗണ്ടറിൽ പോയി നിന്നു. അണിഞ്ഞ കോട്ട് അയാൾക്ക് ഒട്ടും ചേരുന്നുണ്ടായിരുന്നില്ല. ഇറക്കുമതി ചെയ്ത പലതരം പച്ചക്കറികൾ ഒരേ വലുപ്പത്തിൽ നുറുക്കിയതുമായി വന്ന വെയ്റ്റർ അത് നാക്കിലയിൽ, ചോറ് വിളമ്പും പോലെ വിളമ്പി. വെയ്റ്റർ പോയതും ചെറുനാരങ്ങ കഷ്ണങ്ങൾ എടുത്ത് വൃദ്ധൻ സലാഡിൽ പിഴിഞ്ഞു രസിച്ചിരുന്നു. ചുവന്ന ടീഷർട്ട് ഇട്ട ചെറുപ്പക്കാരന് മദ്യം കൊടുത്ത ശേഷം വെയ്റ്റർ ആവി പറക്കുന്ന ചെമ്പല്ലിയുമായി വന്നു. നാടൻ മസാല മണത്തോടെ സലാഡുകൾക്കിടയിൽ ചെമ്പല്ലി കിടന്നു. വൃദ്ധന് സന്തോഷമായി. ആവി പറക്കുന്ന ചെമ്പല്ലിയുടെ കണ്ണുകളിലേക്ക് നോക്കി അയാൾ ബിയർ ഒറ്റ വലിക്ക് കുടിച്ചു. ചുണ്ട് തുടച്ച ശേഷം ചൂട് വക വെക്കാതെ വിരലുകൾ കൊണ്ട് ചെമ്പല്ലിയുടെ വയർ പൊളിച്ചു ഒരു കഷ്ണം അകത്താക്കി.

മാനേജർ വലിയ സ്ക്രീനിലെ ചാനൽ മാറ്റി. കഷണ്ടിക്കാരൻ സ്ക്രീനിലേക്ക് അശ്രദ്ധമായി നോക്കിയ ശേഷം അടുത്തതും ഒഴിച്ച് കുടിച്ചു. വൃദ്ധൻ അയാളെത്തന്നെ നോക്കി ഇരിക്കുന്നതിനാലാവാം കഷണ്ടിക്കാരനും വൃദ്ധനെ ശ്രദ്ധിക്കാൻ തുടങ്ങിയിരുന്നു. വെയ്റ്റർ വന്ന് വൃദ്ധന് രണ്ടാമത്തെ ബിയറും പൊട്ടിച്ചു കൊടുത്തു. 'ഞാൻ ഒഴിച്ചോളാം...' അയാൾ കട്ടിയുള്ള ശബ്ദത്തിൽ പറഞ്ഞു. വൃദ്ധന്റെ വണ്ണമുള്ള കൈത്തണ്ടയിലെ ചുരുണ്ട രോമങ്ങൾ മുഴുവനും നരച്ചിരുന്നു. വെയ്റ്റർ കൈ ശ്രദ്ധിച്ചിട്ട് അയാൾ കർക്കശക്കാരനാണെന്ന് ഊഹിച്ചു. ബാറിൽ വരുന്നവരെ നിരീക്ഷിച്ച് ഓരോന്ന് നെയ്തെടുക്കുന്നത് വെയ്റ്ററുടെ ജോലിസമയ വിനോദമായിരുന്നു.

വൃദ്ധൻ ബിയർ ഗ്ലാസ്സിലേക്ക് ഒഴിച്ചു. അതിലെ പത പൊങ്ങുന്നത് അയാളെ കടൽ തിര നുരയുന്നതിന്റെ ഓർമ്മകളിലേക്ക് കൂട്ടി കൊണ്ട് പോയി. ഒരു പ്രൈവറ്റ് ബീച്ച് ആയിരുന്നു അത്. അവളെ കെട്ടിപിടിച്ചു നിന്നപ്പോൾ തിര വന്ന് കാൽ നനച്ചത്, തിര നുര അവളുടെ കാലിൽ പൊതിയുന്നത് നോക്കി നിന്നത്, നിലാവിൽ കടൽ കാറ്റേറ്റ് കൈ കോർത്തു നടന്നത്... അവളുടെ വിയർപ്പിന്റെ കൂടെ ശരീരത്തിൽ പറ്റിയ മണലിന്റെ അവശിഷ്ടം അയാളെ തൽക്ഷണം ഒരു ചെറുപ്പക്കാരനാക്കി.

ജയശ്രീ ബറുവ!

അവൾ അയാളിലേക്കും അയാൾ അവളിലേക്കും വിനോദ യാത്ര പോയി.

ബിയർ നിറുകയിൽ കയറിയപ്പോഴാണ് അയാൾക്ക് പരിസര ബോധം വീണ്ടു കിട്ടിയത്. അകാരണമായി അയാളുടെ കണ്ണുകൾ നിറഞ്ഞു.

ജീവിതത്തിൽ ഒരിക്കൽ സംഭവിച്ചത് രണ്ടാമതൊന്ന് ഓർക്കുന്നത് അയാളുടെ ശീലമല്ല. ഇന്ന് പലതും തികട്ടി വരുന്നു. ഇതൊരു ദുസ്സൂചനയാണോ...? രോഗം വരുമ്പോഴും മരണം വരുമ്പോഴും ദുർബലനാവുന്ന മനുഷ്യന്റെ ഉള്ളിലാണ് ഭൂതകാലം സങ്കടമായി പെരുകുന്നത്. പതിവ് വേഗത്തേക്കാൾ വേഗത്തിൽ ബിയർ അകത്താക്കി കൊണ്ട് അയാൾ തന്റെ വിശ്വാസത്തിൽ നിന്ന് പുറത്തു കടക്കാൻ ശ്രമിച്ചു. ചിന്ത ദൂരീകരിക്കാനായി കഷണ്ടിക്കാരനെ നോക്കിയപ്പോൾ അയാൾ തന്നെ നോക്കിയിരിക്കുന്നതാണ് വൃദ്ധൻ കണ്ടത്. ഇരുവരുടെയും കണ്ണുകൾ തമ്മിൽ ഉടക്കിയപ്പോൾ വൃദ്ധൻ തന്റെ നോട്ടം ഒരു അപരാധിയെ പോലെ പിൻവലിച്ചു. എന്നിട്ട് ചെമ്പല്ലി മറിച്ചിട്ട് മറുഭാഗം തിന്നാൻ തുടങ്ങി.

ഈ കഷണ്ടിക്കാരനെ താൻ ജീവിതത്തിലെവിടെയോ വെച്ച് കണ്ടുമുട്ടിയിട്ടുണ്ട്. തർക്കിച്ചിട്ടുണ്ട്... ചുണ്ടോടടുപ്പിച്ച ഗ്ലാസ് താഴെ വെച്ചിട്ട് അതേ ചിട്ട് എടുക്കും പോലെ അയാൾ ആ ഓർമ്മയെ വലിച്ചു പുറത്തിട്ടു. എന്നിട്ട് ആ ചിട്ട് വ്യാഖ്യാനിക്കാൻ തുടങ്ങി.

കഷണ്ടിക്കാരൻ ഒരു ബ്രോക്കറാണ്. അയാൾക്കന്ന് കുറെ കൂടി മുടി ഉണ്ടായിരുന്നു. പെങ്ങളുടെ പേരിലുള്ള റോഡ് സൈഡിലെ കണ്ണായ സ്ഥലം വിൽപ്പിക്കാനായി അയാൾ കുറെ ശ്രമിച്ചതാണ്. നിത്യവും വന്ന് മോഹവില പറഞ്ഞു പ്രലോഭിപ്പിക്കും. അവസാനം ശല്യം സഹിക്കാനാവാതെ 'ഈ സ്ഥലം വിൽക്കാനുള്ളതല്ല' എന്ന് വലിയ ബോർഡ് പറമ്പിൽ സ്ഥാപിക്കേണ്ടി വന്നു. വർഷങ്ങൾക്ക് മുമ്പ് ഇതിന്റെ പേരിൽ താൻ ഇയാളുമായി വാക്കുതർക്കം നടന്നിരുന്നു. പെങ്ങൾ പിടിച്ചു മാറ്റിയതിനാലാണ് അന്ന് അവിടെ ഒരു ചോരക്കളി നടക്കാതിരുന്നത്. അതെ, ഇയാൾ ഒരു നശിച്ച ഭൂമി ബ്രോക്കർ ആണ്. ഇവനെയൊക്കെ ചാകുമ്പോൾ കുഴിച്ചിടാൻ കൂടി മണ്ണ് കാണില്ല!!

'ചെമ്പല്ലി എങ്ങിനെയുണ്ട് സർ?' വെയ്റ്റർ വൃദ്ധന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു.

'അന്ന് കഴിച്ചതിനേക്കാൾ രുചിയുണ്ട്.' ആനന്ദം കിട്ടാനെന്നോണം വൃദ്ധൻ വെയ്റ്ററെ നോക്കി പറഞ്ഞു.

അപ്പോൾ വെയ്റ്ററുടെ കവിളിൽ ഒരു നുണക്കുഴി തെളിഞ്ഞു വന്നു. വെയ്റ്റർക്ക് ഒരു ഗോത്രത്തലവന്റെ ഛായയാണ് വൃദ്ധന് എന്ന് തോന്നി. അപ്പോൾ വൃദ്ധൻ തോന്നിയത്. അയാൾ ആ തമാശ പറയാൻ ഇന്നിതെങ്കിലും വെയ്റ്റർ മറ്റൊരു ടേബിളിലേക്ക് ഓർഡർ എടുക്കാൻ പോയ നേരം കഴിഞ്ഞിരുന്നു. വൃദ്ധൻ കഷണ്ടിക്കാരനെ വലിയ കണ്ണുകൾ ചുളുക്കി നോക്കിയിരുന്നു. ആയതിനാൽ അയാൾ ഗ്ലാസ്സ് വായിലേക്ക് ചെരിച്ചു.

ബാറിൽ ഏറ്റവും ആദ്യം വന്ന ഏഴു ചെറുപ്പക്കാരുടെ കൂട്ടം പോകാനുള്ള ഒരുക്കത്തിലായിരുന്നു. പക്ഷേ, മദ്യം തീർന്നിട്ടും അവർ സംസാരം നിർത്തുന്ന മട്ടില്ല. സുഹൃത്ത് വിവാഹമോചനം നേടിയതിന്റെ പാർട്ടിയാണെന്ന് അവരുടെ സംസാരത്തിൽ നിന്ന് വൃദ്ധന് മനസ്സിലായിരുന്നു. അയാൾ കാലി ഗ്ലാസ് ഉയർത്തിപ്പിടിച്ച് അവരുടെ സന്തോഷത്തിന് ചീയേഴ്സ് പറഞ്ഞു.

മദ്യം അകത്തു ചെല്ലുംതോറും വൃദ്ധന് ചുറ്റും ഒരു പ്രഭാവലയം തെളിഞ്ഞു വരുന്നതായി മാനേജർക്ക് സംശയം തോന്നി. അതിയന്ത്രമൂലമായി കാലുള്ള മദ്യപിക്കുന്ന മനുഷ്യനിലൊന്നും ഇതുവരെ കാണാത്ത ഒന്ന്. അതിനെ ഒഴിവാക്കാൻ മാനേജർ ഇന്ന് ഒരു ക്ലാസിക് സിനിമ ലോകം കാണിച്ചിട്ടില്ല. ആദ്യന്ന കാലുള്ള ഇയാൾ മരണത്തിന്റെ ആത്മാവായിനിന്നു. വാർദ്ധക്യം അയാളെ മാപ്പിനർഹനാക്കുന്നില്ല! മാനേജർ ഇങ്ങനെ ഓരോന്ന് ആലോചിക്കുന്നതിനാലാവണം വൃദ്ധന് ചെമ്പല്ലിയുടെ എതിര് നെറുകയിൽ കയറി. അയാൾ നിസ്സാരതയെ അനുഭവിച്ചപ്പോൾ ചുവന്ന ടീഷർട്ട് ധരിച്ച ചെറുപ്പക്കാരൻ തിരിഞ്ഞൊന്നു നോക്കി. തലയിൽ കൈ വെച്ച് ഇരുന്നിരുന്നതിനിടയിൽ വൃദ്ധൻ അവന്റെ കണ്ണുകൾ ശ്രദ്ധിച്ചു. തിളക്കമുള്ള ചില്ലു പോലെ. ചുണ്ടുകൾ പുകയാൽ കറുത്തിരിക്കുന്നു. അയാളുടെ ഉള്ളിൽ നിലച്ചു പോയല്ലോ!

ബന്ധുവിന്റെ മരണവീട്ടിൽ തന്റെ അടുത്ത് കിടന്ന ചെറുപ്പക്കാരനെ അപ്പോൾ അയാൾക്ക് ഓർമ്മ വന്നു. അയാളുടെ കാലിപ്പ് 'എനിക്ക് എളിയാണ് വേണ്ടത്' ബാക്കി വന്ന സലാഡ് എടുത്തു അയാൾ സാവധാനം കഴിച്ചു. ഇലയിൽ കിടന്ന മീനിന്റെ മുൾമുരം ഒന്ന് അനങ്ങി. ചെമ്പല്ലി ചിറക് വിരിച്ചു വായുവിലേക്കുയർന്ന് ബാറിലെ ലാമ്പിൽ ഒരു ചുറ്റ് കറങ്ങി. ബാറിന്റെ മേൽക്കൂരയിലൂടെ നിലാവിൽ മറിഞ്ഞ ചുവന്ന ടീഷർട്ട് ധരിച്ച ചെറുപ്പക്കാരന്റെ തലക്ക് ചുറ്റും വലം വെച്ച ശേഷം ചെമ്പല്ലി വന്ന് ഇലയിൽ തന്നെ കിടന്നു. വൃദ്ധൻ കണ്ണ് ഇറുക്കി അടച്ചു തുറന്നു. ചെമ്പല്ലി ഇലയിൽ തന്നെ മുൾമുരുമായി കിടന്നു.

മരണ ലഹരിയിലേക്കിറങ്ങിയ വൃദ്ധൻ ബിയർ ഗ്ലാസ് ഉയർത്താൻ ശ്രമിച്ചു. അപ്പോൾ ബാറിന്റെ പില്ലറോടിൽ ആരോ തുറന്നതിനാൽ, നദിയുടെ ആത്മാവ് കാറ്റിനൊപ്പം അകത്തേക്ക് കടന്നു. ബിയർ വലിച്ചു കുടിക്കുന്നതിനിടെ വൃദ്ധന്റെ പ്രാണൻ പോയി. പൊട്ടുന്നതും, മരിച്ച വീട്ടിലേതുപോലുള്ള ഒരു അന്തരീക്ഷം ബാറിൽ നിറഞ്ഞു.

ഒരു പ്രതിമ പോലെ ഗ്ലാസ് കൈയ്യിൽ തന്നെ ഏറെ നേരം ഇരിക്കുന്നത് കണ്ടപ്പോഴാണ് വെയ്റ്റർ വൃദ്ധനെ പോയി തട്ടി നോക്കിയത്. ഉടൻ മരിച്ച പോയ ഒരു പ്രാണനെ അയാൾ ആദ്യമായാണ് തൊടുന്നത്!

വൃദ്ധന്റെ മരണം സ്ഥിരീകരിക്കാനെന്നോണം അവസാന നെടുവീർപ്പിനൊപ്പം പുറത്തു വന്ന അധോവായു അന്തരീക്ഷത്തിൽ മണത്തു. ശവത്തിന്റെ പോക്കറ്റിൽ കിടന്ന് മൊബൈൽ അടിക്കാൻ തുടങ്ങി. വെയ്റ്റർ എന്ത് ചെയ്യണമെന്നറിയാതെ മാനേജരെ വിളിച്ചു. തന്റെ ഇരുപത് വർഷത്തെ കരിയറിൽ ബാറിൽ വെച്ച് ഇങ്ങിനെയൊരു സംഭവം ഉണ്ടായിട്ടില്ല. മാനേജർ പക്ഷേ, മരണ വിവരം അറിഞ്ഞ ഞെട്ടലൊന്നും കാണിച്ചതേയില്ല.

'താൻ ഈ വിവരം ഇപ്പോൾ ആരോടും പറയേണ്ട. ഞാൻ സാറിനെ വിളിച്ചൊന്ന് ചോദിക്കട്ടെ.'

സമൂഹത്തിൽ വിലയും നിലയുമുള്ള ആളുകൾ മാത്രം മദ്യപിക്കാൻ വരുന്ന ബാറാണിത്. യാതൊരു ചീത്തപേരും ഉണ്ടാവാൻ നമ്മളായിട്ട് ഇടവരുത്തരുത്. മാനേജർ ടൈ മുറുക്കിക്കൊണ്ട് പറഞ്ഞു.

'ഇയാൾ ആരായിരിക്കും?' വെയ്റ്റർ വൃദ്ധനെ പറ്റി ചിന്തിക്കാൻ തുടങ്ങി. എന്നിട്ട് ശവത്തിന്റെ മുഖത്തേക്ക് നോക്കാതെ ജീവനുള്ളപ്പോൾ അയാൾ കുടിച്ച് വറ്റിച്ച ബിയറിന്റെ കുപ്പികൾ എടുത്ത് മാറ്റി. സെർവ് ചെയ്യുന്നത് പോലെ വെയ്റ്റർ അഭിനയിക്കുന്നത് കണ്ട്, മാനേജർ ഇന്നവന് പതിവിലധികം ടിപ്പ് കിട്ടട്ടെയെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചു.

ബാറിലേക്ക് പിന്നെയൊരാളും കയറി വന്നില്ല. ശവത്തിന്റെ ടേബിളിന്റെ എതിർവശത്ത് ചുവന്ന ടീഷർട്ട് അണിഞ്ഞ ചെറുപ്പക്കാരനും സുഹൃത്തും റമ്മിൽ ബിയർ ഒഴിച്ച് കുടിക്കുകയായിരുന്നു. ചുവന്ന ടീഷർട്ട് ധരിച്ച ചെറുപ്പക്കാരനാണ് ഊർജ്ജസ്വലനായി കാണപ്പെട്ടത്. വെയ്റ്റർ അവർക്ക് ആവി പറക്കുന്ന ചീനച്ചട്ടിയിൽ ബീഫ് ഉലർത്തിയത് കൊണ്ട് പോയി വെച്ചു. ചെറുപ്പക്കാർ പതിഞ്ഞ സ്വരത്തിൽ രാഷ്ട്രീയം പറഞ്ഞു തുടങ്ങിയിരുന്നു. മരണം നടന്ന വിവരം ഇപ്പോൾ വെയ്റ്ററിനെക്കൂടാതെ മാനേജർക്കും മാത്രമേ അറിയുകയുള്ളൂ. മൊബൈലിൽ ആരോടോ സംസാരിച്ചു കഴിഞ്ഞ ശേഷം ശവത്തിന്റെ അരികിൽ വന്ന് നിന്ന് ആരും ശ്രദ്ധിക്കുന്നില്ലെന്ന് ഉറപ്പു വരുത്തിയ ശേഷം ശവത്തിന്റെ ഒരു ഫോട്ടോ എടുത്തു. അത് ആർക്കോ വാട്സ് ആപ്പ് ചെയ്തു കൊടുത്തു.

വെയ്റ്റർ വൃദ്ധന് സെർവ് ചെയ്യുന്നത് കുടിച്ച് പിമ്പിരിയായ കഷണ്ടിക്കാരൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. വൃദ്ധൻ ബിയർ ഗ്ലാസ് താഴെ വെക്കാതെ അനങ്ങാതിരിക്കുന്നത് തന്റെ തോന്നലാണെന്ന് സമാധാനിക്കാൻ ശ്രമിച്ചെങ്കിലും അത് അയാളെ കൂടുതൽ അസ്വസ്ഥനാക്കിക്കൊണ്ടിരുന്നു. ഗ്രീൻ സലാഡിലെ എരിവുള്ള നീണ്ട മുളക് കടിച്ചുകൊണ്ടയാൾ തന്റെ ശ്രദ്ധ മാറ്റാൻ ശ്രമിച്ചെങ്കിലും അതൊരു പാഴ് ശ്രമമായി കലാശിച്ചു. മാനേജർ ബാറിലുള്ളവരെ ഇരുവൻ നിരീക്ഷിക്കുന്നുണ്ടായിരുന്നു. അയാൾ ബാറിലെ സി സി ക്യാമറ ഓഫ് ആക്കാനാണെന്ന് ഒരു നിമിഷം ശങ്കിച്ചു. പിന്നെ ആരെയോ ഫോൺ ചെയ്ത് ഒരു തീരുമാനത്തിൽ എത്തിയതുപോലെ കൗണ്ടറിനരികിൽ പരതി നിന്നു.

'ഗുഡ് ഈവനിംഗ്.' ഷോർട്ട് ഹെയർ ചെയ്ത ഒരു മധ്യവയസ്ക മാനേജരുടെ അടുത്ത് വന്നു. മാനേജരും പ്രത്യഭിവാദ്യം ചെയ്തു. 'സർ വന്നില്ലേ?' അവർ ചോദിച്ചു.

'ഇല്ല.' മാനേജർ ഉള്ളത് ചിരി വരുത്തി. അവർ നെറ്റിയിലേക്ക് വീണ മുടി ആകർഷകമായ ഒരു ചേഷ്ടയോടെ ഒതുക്കി കൊണ്ട് ഒഴിഞ്ഞ ഒരു ടേബിളിനരികിൽ പോയി ഇരുന്നു.

ജനകീയ നേതാവാണ് പോലും. ആ തെണ്ടി പാവപ്പെട്ടവരെക്കാൾ പ്പോൾ എപ്പോഴും വേവലാതി അഭിനയിക്കുന്നത്. രണ്ടാട്ട് കൂട്ടുമ്പോൾ അവൻ ഗോൾഡൻ ഫേഷ്യൽ ചെയ്യാൻ തന്നെ അയ്യായിരം രൂപ വേണം. ചുവന്ന ടീഷർട്ട് ധരിച്ച ചെറുപ്പക്കാരൻ ശബ്ദം നിയന്ത്രിക്കാനാവാതെ പറഞ്ഞു. വെയ്റ്റർ അവർക്കരികിൽ വന്ന് മറ്റെന്തെങ്കിലും വേണോ എന്ന് ചോദിച്ചു. അവർ അത് കേട്ടതായി ഭാവിച്ചതേയില്ല. സംസാരത്തിനിടയിൽ ചുവന്ന ടീഷർട്ട് ധരിച്ച ചെറുപ്പക്കാരന്റെ കൂട്ടുകാരൻ ഇടയ്ക്കിടയ്ക്ക് വൃദ്ധനെ സംശയത്തോടെ നോക്കുന്നുണ്ടായിരുന്നു. മാനേജർ ബില്ലിംഗ് സെക്ഷനിൽ പോയി പഴയ ഒരു ബിൽ സംഘടിപ്പിച്ചു കൊണ്ടുവന്നിട്ട് വെയ്റ്ററെ ഏൽപ്പിച്ചു. അതിലെ സമയം രണ്ട് മണിക്കൂർ മുമ്പുള്ളതായിരുന്നു.

'ഈ ബിൽ ശവത്തിന്റെ പോക്കറ്റിൽ കൊണ്ടുപോയി തിരുകി വെച്ചേക്ക്.'

വെയ്റ്റർ ആദ്യം ഒന്ന് പരിഭ്രമിച്ചെങ്കിലും മുതലാളിയുടെ ഗുഡ്ബുക്കിൽ കയറി കൂടിയാൽ ലഭിക്കുന്ന അധിക സംരക്ഷണത്തെ പറ്റി ഓർത്തപ്പോൾ ഉത്സാഹവാനായി. അയാൾ ആരുമറിയാതെ ചെന്ന് ഒരു കൊഞ്ച് ഫ്രൈ എടുത്ത് ശവത്തിന്റെ ടേബിളിൽ കൊണ്ടുവന്ന് വെച്ചു. എന്നിട്ട് വെറുതെ, ഇനിയെന്തെങ്കിലും വേണോ സർ എന്ന് സാമാന്യം ഉറക്കെ ചോദിച്ചു. ശവം അനങ്ങിയില്ല. അയാൾ ശവത്തിന്റെ പോക്കറ്റിൽ ബില്ല് തിരുകി വെക്കുമ്പോൾ മാനേജർ, മറ്റാരും അത് കാണാത്ത വിധം അവിടെ ഒരു മറയായി നിന്ന് ഫോൺ ചെയ്യുന്നതായി അഭിനയിച്ചു.

'ശബാഷ്.' മാനേജർ കോംപ്ലിമെന്റ് നൽകുന്നതിൽ മിടുക്കനാണ്. അയാൾ ചിരിച്ചു കൊണ്ട് മുമ്പ് വന്ന സ്ത്രീയുടെ അടുക്കലേക്ക് നടന്നു.

'മാഡം കഴിക്കാൻ ഒന്നും പറഞ്ഞില്ല.' പ്രത്യേക പരിഗണന നൽകേണ്ടയാളാണെന്ന തോന്നൽ ഉണ്ടാക്കാനായി അയാൾ ഷോർട്ട് ഹെയർ ഉള്ള സ്ത്രീയോട് ചോദിച്ചു.

'ജാക്ക് ഡാനിയേൽ മതി.'

വെയ്റ്റർ അപ്പോഴേക്കും ഓടി വന്നു. അയാൾക്ക് ആ പതിവുകാരിയുടെ ഇഷ്ടാനിഷ്ടങ്ങൾ നന്നായി അറിയാമായിരുന്നു.

'ക്ലബ് സോഡ പോരെ മാഡം?'

'വേണ്ട. വെള്ളം മതി. ഇന്നൊന്ന് ചേഞ്ച് ആയിക്കോട്ടെ.' വെയ്റ്റർ കാര്യങ്ങൾ ഏറ്റെടുത്തപ്പോൾ മാനേജർ അവർക്കൊരു പുഞ്ചിരി സമ്മാനിച്ച് പിൻവാങ്ങി.

'സർ ഇനിയെന്താണ് പ്ലാൻ?' വെയ്റ്റർ കഷണ്ടിക്കാരന്റെ ടേബിളിൽ നിന്ന് മറ്റൊരു ഓർഡർ സ്വീകരിച്ചു മടങ്ങുന്ന വഴി മാനേജരോട് ചോദിച്ചു.

'ഫോൺ വരാൻ കാത്തിരിക്കുകയാണ്. ഞാൻ പറയാം.'

വെയ്റ്റർ അടുക്കളവാതിൽ തുറന്നപ്പോൾ മീൻ വറക്കുന്നതിന്റെ മണം പെട്ടെന്നൊന്ന് ബാറിലേക്ക് വന്നു. എ സി തണുപ്പിൽ ശവം സുരക്ഷിതമായി ഇരിപ്പാണ്. ഒരു വലിയ ടേബിളിന് ചുറ്റും ഇരുന്ന ഏഴു പേരടങ്ങുന്ന സംഘം ബില്ലുപേ ചെയ്ത് എഴുന്നേറ്റപ്പോൾ മാനേജർക്ക് വലിയ സന്തോഷം തോന്നി. ഇനി ബാറിൽ ഷോർട്ട് ഹെയർ ചെയ്ത മധ്യവയസ്കയും കഷണ്ടിക്കാരനും രണ്ട് ചെറുപ്പക്കാരും മാത്രമേ ഉള്ളൂ.

ഏഴുപേരിൽ ഒരാൾ മൂത്രമൊഴിക്കാനായി വൃദ്ധന്റെ അരികിലൂടെ ബാത്ത് റൂമിലേക്ക് പോയപ്പോൾ മാനേജർ ഭയന്നുവെങ്കിലും അയാൾ ശവത്തിനരികിലൂടെ കടന്നു പോയി. ആരെങ്കിലും കാണുമോ എന്ന ഭീതിയിൽ മാനേജർ ശവത്തിന്റെ തൊട്ടരികിൽ ചെന്ന് നിന്നു. അയാൾ ജാഗ്രത പാലിച്ചു.

ബാത്റൂമിൽ നിന്ന് ഫ്ലഷ് ചെയ്യുന്നതിന്റെ ശബ്ദം പുറത്തേക്ക് വരുന്നതും കാതോർത്ത് അതിൽ ഒരു ജാഗ്രതയോടെ മാനേജർ അവിടെ നിന്നു. അയാളുടെ നിൽപ്പ് കണ്ട് ശവത്തിന് തന്നെ ചിരി വന്നു കാണും.

ബാത്റൂമിൽ നിന്നും വന്ന കഷണ്ടി ശവത്തിന്റെ അരികിൽ നില തെറ്റി നിന്നു. എന്നിട്ട് പാന്റ്സ് വലിച്ചു കേറ്റി വൃദ്ധനെ നോക്കി, പരിഹാസം കലർന്ന സ്വരത്തിൽ മാനേജരുടെ ചെവിയിൽ സ്വകാര്യം പറഞ്ഞു.

'കിളവൻ നല്ല ടാങ്ക് ആണല്ലേ?'

അയാൾ അവിടെ വീഴുമെന്ന് തോന്നിച്ചെങ്കിലും അതുണ്ടായില്ല. അത്ഭുതകരമായി ബാലൻസ് തിരിച്ചു പിടിച്ചു കൊണ്ട് അയാൾ കൂളായി ബാറിൽ നിന്നിറങ്ങി. മാനേജർ വെയ്റ്ററെ വിളിച്ചിട്ട് ഇനി ആരെയും ബാറിലേക്ക് കയറ്റി വിടേണ്ടയെന്ന് ചട്ടം കെട്ടി. പുതിയതായി വരുന്നവരോട് റൂഫ്ടോപ്പിൽ മാത്രമേ സർവീസ് ഉള്ളൂയെന്ന് പറയാൻ കാവൽക്കാരനെയും ഏൽപ്പിച്ചു.

ഗ്ലാസുകൾ കൂട്ടിമുട്ടുന്നതിന്റെ ഒച്ച ബാറിലെ നേർത്ത സംഗീതത്തിനിടയിലും വ്യക്തമായി കേൾക്കാമായിരുന്നു.

മദ്യപാനികളുടെ ശ്രദ്ധ ശവത്തിലേക്ക് തിരിയാതിരിക്കാനായി ബാറിലെ വലിയ സ്ക്രീനിലെ വോളിയം മാനേജർ കൂട്ടിവെച്ചു. അതിൽ നിന്ന് 13 എ ഡി ബാൻഡിന്റെ സംഗീതം പുറത്തേക്ക് വന്നു.

ഷോർട്ട് ഹെയർ കട്ടുള്ള സ്ത്രീ അൽപ്പനേരം സ്ക്രീനിൽ നോക്കിക്കൊണ്ടിരുന്നു. രണ്ട് പെഗ് അവർ അപ്പോഴേക്കും തീർത്തു കഴിഞ്ഞിരുന്നു.

'സർ ഇനിയെന്താണ് ചെയ്യേണ്ടത്?' വെയ്റ്റർ പതിഞ്ഞ സ്വരത്തിൽ മാനേജരോട് ചോദിച്ചു.

'ധൃതി വെക്കാതെ... ഞാൻ പറയാം. സാറിപ്പോൾ തിരിച്ചു വിളിക്കും.'

മാനേജർ കൗണ്ടറിൽ ഇരുന്ന് ഒരു പെഗ് അകത്താക്കി. ഡ്യൂട്ടി ടൈമിൽ അയാൾക്ക് മാത്രമേ മദ്യപിക്കാനുള്ള അനുവാദമുള്ളൂ. എത്ര കുടിച്ചാലും പരിസരബോധം മറക്കാത്ത ഒരു ജന്മമായിരുന്നു മാനേജരുടേത്. അയാൾ ഈ സിറ്റിയിലെ ഏറ്റവും നല്ല ബാർ സൂക്ഷിപ്പുകാരനാണ്. നല്ല സമരിയക്കാരൻ...!

ബാറിന്റെ ആറാം നമ്പർ ടേബിളിൽ ഏഴുപേർ കഴിച്ചൊഴിവാക്കിയ കുപ്പികളും എച്ചിൽ പാത്രങ്ങളും വെയ്റ്റർ എടുത്തു മാറ്റി കൊണ്ടിരുന്നപ്പോൾ ഒരു പെഗ് കൂടി. ഇക്കലിന്റെ ബ്ലാക്ക് ഡീപ്പ് ആയിരുന്നു അത്. അയാളത് മാനേജരെ ഏൽപ്പിച്ചു. സമയം പോകുന്തോറും മാനേജർ ആശങ്കയിലായി. ക്രൂരതൽ ഒന്നും നോക്കാതെ മാനേജർ പെഗ് ബോട്ടിലിലെ അടപ്പ് അടച്ചു വെച്ചു. എന്നിട്ട് ബാക്കി വന്ന മദ്യം ഗ്ലാസിൽ ഒരു വലിക്ക് അകത്താക്കി. ടിഷ്യു പേപ്പർ കൊണ്ട് മുഖം ഒപ്പി.

കഷണ്ടിക്കാരൻ മാനേജരെ പെരുമാറ്റം ലംഘിച്ചു കൊണ്ട് വിസിലടിച്ച് വിളിച്ചു. ഉന്നതങ്ങളിൽ സ്വാധീനമുള്ള കഷണ്ടിക്കാരന്റെ പെരുമാറ്റം മാനേജർക്ക് ഒട്ടും ഇഷ്ടമായില്ലെങ്കിലും അയാൾ പുഞ്ചിരിച്ചു കൊണ്ട് അടുത്തേക്ക് ചെന്നു.

'എന്താണ് സർ?'

'ആ കിളവൻ തട്ടിപ്പോയോ?'

കഷണ്ടിക്കാരന്റെ ചോദ്യം കേട്ട് മാനേജർ ഒരല്പനേരം പകച്ചു പോയി.

'ഞാൻ ചോദിച്ചതെന്തെന്നു.' അയാൾ ഇറച്ചി ചവക്കാൻ തുടങ്ങിയപ്പോൾ മാനേജർ ശ്വാസം വിട്ടു.

'പിറ്റാണ് പറയൻ.'

'സർ നമ്മൾ ജീവിച്ചിരിക്കുന്ന ഒരാളെ പറ്റി ഇങ്ങിനെയൊക്കെ പറയുന്നത് മോശമല്ലേ?'

മാനേജർ പ്രയാസപ്പെട്ട് ചോദിച്ചു.

'ബാറിൽ നേരം ചെലവിടുന്നവരൊക്കെ എന്നേ മരിച്ചവരാടോ.'

കഷണ്ടിക്കാരൻ ഗൗരവക്കാരനെ പോലെ അഭിനയിക്കുന്നതായി മാനേജർക്ക് തോന്നി.

'ഓ കെ സർ.'

മാനേജർക്ക് അപ്പോൾ ഒരു കാൾ വന്നു. അയാൾ ധൃതിയിൽ നടന്ന് കൗണ്ടറിൽ കയറി കൈ പൊത്തി പിടിച്ചു സംസാരിക്കാൻ തുടങ്ങി.

ഷോർട്ട് ഹെയർ കട്ടുള്ള സ്ത്രീ വെയിറ്ററെ ആംഗ്യം കാണിച്ച് വിളിച്ചു. എന്തെങ്കിലും ഓർഡർ പറയാനാകുമെന്നാണ് വെയിറ്റർ കരുതിയത്.

'ഇരിക്കൂ...' അവർ അയാളോട് പറഞ്ഞു.

'ഇല്ല മാഡം... കസ്റ്റമറുടെ അടുത്തിരിക്കാൻ ഞങ്ങൾക്ക് അനുവാദമില്ല.'

'അവിടെ ഇരിക്കുന്ന വൃദ്ധനെ എനിക്ക് നല്ല പരിചയം തോന്നുന്നു. പക്ഷേ, ആരാണെന്ന് ഒരു പിടിയും കിട്ടുന്നില്ല... ആരാണ് അദ്ദേഹം?'

വെയ്റ്റർ പരിഭ്രമിച്ചു പോയി.

'അത് എനിക്കറിയില്ല മാഡം... ഇവിടെ നിത്യവും വരാറുണ്ട്.'

'ആ...'

'എനിക്കൊരു റാബിറ്റ് ഫ്രൈ എടുത്തോളൂ...' അവർ താൻ കുടിച്ചു പകുതിയാക്കിയ ഗ്ലാസ് ഇടത്തെ കൈ കൊണ്ട് നീക്കി വെച്ചു.

മാനേജരെ അസ്വാഭാവികമായി നോക്കിക്കൊണ്ട് വെയ്റ്റർ അടുക്കളയിലേക്ക് നടന്നു. മാനേജർ ഫോൺ സംസാരം നിർത്തുന്ന മട്ടില്ല.

ഷോർട്ട് ഹെയർ ഉള്ള സ്ത്രീ ആ വൃദ്ധനെ പറ്റി ഓർമ്മിക്കാൻ ആലോചിക്കാൻ തുടങ്ങി. തന്റെ ഇരുപതാം വയസ്സിൽ കടൽക്കരയിലെ ഫ്ലാറ്റിൽ താമസിക്കുന്ന കാലത്ത്, ഒരു നട്ടുച്ച നേരത്ത് കതകിന് മുട്ടിയ മനുഷ്യന് ഇയാളുടെ ഛായയുണ്ടായിരുന്നോ. അന്ന്... ഓ... അത് ഓർക്കാൻ വയ്യ. ഇപ്പോഴും കാലിടുക്കിൽ വലിയ നീറ്റലാണ്. ചുണ്ട് പൊട്ടിയ വേദനയാണ്. എത്ര ക്രൂരമായാണ്, യാതൊരു മയവുമില്ലാതെ... എന്നെ... അതെ ഇയാൾ അയാൾ തന്നെയാണ്. അവർ ഗ്ലാസിലെ മദ്യം വളരെ സാവധാനം നുണഞ്ഞു. മറ്റൊന്ന് ഒഴിച്ചു. എന്നിട്ട് അതും തീർത്തു.

അവർ എല്ലാ ആഴ്ച അവസാനവും ബാറിൽ വരും. ഒരു ഫുൾ ഒരു ലിറ്റർ പറയും. അത് തീർന്നിട്ടേ അവർ പോകാറുള്ളൂ. ഒരിക്കലും [illegible] ബാറിൽ നിന്ന് രാത്രിയിലേക്ക് ഇറങ്ങുന്നത്.



അവർ വൃദ്ധനെ നോക്കികൊണ്ട് തന്റെ തുടയിടുക്കിൽ വെറുതെ കൈ വെച്ചു. അസ്വസ്ഥയായ അവർ ഉടനെ കരയുമെന്ന് തോന്നി. അന്നേരം കുറെ ഓമനത്തമുള്ള വെളുത്ത മുയലുകൾ അവരുടെ കാലിടുക്കിൽ നിന്നും പുറത്തേക്കിറങ്ങി ബാറിൽ മേയാൻ തുടങ്ങി. അതിലൊന്നിനെ മടിയിലെടുത്ത് വെച്ചതും അത് അപ്രത്യക്ഷമായി. അവരുടെ കണ്ണ് നിറഞ്ഞു. ബാറിലെ സ്ക്രീൻ ഒരു നിമിഷനേരത്തേക്ക് ഓഫ് ആയിപോയി. അതിൽ ഇരുട്ട് പരന്നു. 'ദൈവമല്ല ആകസ്മികതയാണ് ഒരാളുടെ ജീവിതം ട്യൂൺ ചെയ്യുന്നത്.' അവർ അടുത്ത ഗ്ലാസ് നിറച്ചു. അപ്പോഴേക്കും ടേബിളിൽ മുയലിറച്ചി വറുത്തത് എത്തി.

'നന്നായി പൊരിച്ച് ഇട്ടിട്ടുണ്ട് അല്ലേ... ഹൈവ്.' തന്റെ മനോഹരമായ മുടി ഉഴിഞ്ഞു കൊണ്ട് അവർ പറഞ്ഞു.

വെയ്റ്റർ ആത്മാഭിമാനത്തോടെ അവരുടെ മുന്നിൽ നിന്നു.

'അപ്പോൾ ആ വൃദ്ധനെ പറ്റി നിങ്ങൾക്ക് യാതൊന്നും അറിയില്ലേ?' അവർ വീണ്ടും സംശയാലുവായി.

'ഇല്ല മാഡം.... മാഡവും ഈ ബാറിൽ വരുന്നതല്ലേ. പക്ഷേ, ഇതു പോലെ ഒരാളെ എനിക്ക് പരിചയമാണെന്നോ എവിടെ താമസിക്കുന്നതെന്നോ എനിക്കറിയില്ലല്ലോ. ബാറിൽ വരുന്ന പതിവുകാരുടെ ഇഷ്ടങ്ങൾ മാത്രമേ ഞങ്ങൾക്ക് അറിയൂ.' പല ജാതി മനുഷ്യരോട് ഇടപഴകി പിടിച്ചു നിൽക്കുന്ന വെയ്റ്റർ ശാന്തസ്വരത്തിൽ പറഞ്ഞു.

'ഐ ആം ഡെഡ് ഫ്രാക്ചേർഡ്.' അവർ സാമാന്യം ഉറക്കെ ഒരു ചിരി പ്രസരിപ്പിച്ചു.

വെയ്റ്റർ ആ സ്ത്രീയുമായി കുറെ നേരം സംസാരിക്കുന്നതിൽ മാനേജർക്ക് നീരസം തോന്നി. ഷോർട്ട് ഹെയർ ഉള്ള സ്ത്രീ ഗ്ലാസിൽ ശേഷിച്ചത് ഒറ്റ ഷോട്ട് ആയി അടിച്ചു.

കഷണ്ടിക്കാരന് ഇത് കണ്ട് ഉള്ളിൽ ചിരി പൊട്ടി. അയാൾ ഇറച്ചി ചവച്ചു കൊണ്ട് ഏറെനേരം അവരെത്തന്നെ നോക്കിയിരുന്നു.

മാനേജരുടെ നിർദ്ദേശപ്രകാരം വെയ്റ്റർ അസ്വസ്ഥതയോടെ, തേക്ക് തടി കൊണ്ട് നിർമ്മിച്ച കൗണ്ടറിലെ റാക്കിൽ പുതിയ ഇനം ബ്രാൻഡുകൾ അടുക്കിവെക്കാൻ തുടങ്ങി. ഇന്ന് താൻ മാത്രമേ സെർവ് ചെയ്യാൻ ഉള്ളൂ. ബില്ലിംഗ് സെക്ഷനിലും ആളില്ല. വല്ലാത്ത ഒരു ദിവസമാണിന്ന്. ഡ്യൂട്ടി ഒഴിവാക്കാത്തതിൽ അയാൾ ഖേദിച്ചു. വമ്പൻ ടിപ്പ് കിട്ടുമല്ലോയെന്ന് നിനച്ചാണ് ഈ എക്സ്ട്രാ ഡ്യൂട്ടി ചെയ്യാൻ ഏറ്റത്. അത് അബദ്ധമായോ...? അനാവശ്യ വിചാരങ്ങൾക്കിടയിൽ കുപ്പികൾ കൂട്ടിമുട്ടി. അയാളുടെ ഉള്ളൊന്നു കാളി. വീണു പൊട്ടിയാൽ ആ ബ്രാൻഡിന്റെ കാശ് ശമ്പളത്തിൽ നിന്ന് പോകും. 'സാറേ ഇതിപ്പോ കുറെ നേരമായി... ഇനിയും വൈകിയാൽ ശവം മരവിച്ച് തല്ലി പൊട്ടിച്ചു നിവർത്തേണ്ടിവരും... ശവത്തെ കിടത്തേണ്ടേ?'

അയാൾ തന്റെ അസ്വസ്ഥത മാനേജർക്ക് പകർന്നു കൊടുത്തു.

'സാറിപ്പോൾ ഇങ്ങോട്ടു വരുമെന്ന് പറഞ്ഞിട്ടുണ്ട്. താൻ എന്നെ കൂടി ടെൻഷൻ ആക്കല്ലേ.' മാനേജർ കൗണ്ടറിലെ ഉയർന്ന കസേരയിൽ ഇരുന്നു. മദ്യം തീർന്നപ്പോൾ ചെറുപ്പക്കാർ രാഷ്ട്രീയം പറച്ചിൽ നിർത്തി. ചുവന്ന ടീഷർട്ട് ധരിച്ച ചെറുപ്പക്കാരൻ ബാത്ത്റൂമിലേക്ക് പോയപ്പോൾ സുഹൃത്ത് ആ വൃദ്ധനെ തന്നെ നോക്കിയിരുന്നു. ജീവിതത്തിൽ എവിടെയോ വെച്ച് ഞാൻ ഇയാളെ കണ്ടിട്ടുണ്ട്. ഒന്നല്ല പലവട്ടം. പക്ഷേ, അത് എവിടെ വെച്ചാണ്? നല്ല പരിചയമുള്ള ഒരാളെ പെട്ടന്ന് മറന്ന് പോയാലുള്ള ഒരു തരം നീറ്റൽ അപ്പോൾ ആ ചെറുപ്പക്കാരനെ പിടി കൂടി. വീണ്ടും ഓർമകളിൽ പരതി. അസ്വസ്ഥനായി.

'ഇത് ആ കെങ്കേത്തെ ഡോക്ടർ തന്നെ. അയാൾ ഇത്ര പെട്ടന്ന് വൃദ്ധനായി പോയോ...? പക്ഷേ, ആ ഹെയർ സ്റ്റൈലിന് യാതൊരു മാറ്റവും ഇല്ല. അതെ... ഇത് അയാൾ തന്നെയാണ്. കെങ്കേത്തെ ഡോക്ടർ...!'

'വല്യപ്പച്ചന്റെ കാല് മുറിച്ച പന്നി...!'

പതിനഞ്ചു വർഷം മുമ്പാണ് സംഭവം. വല്യപ്പച്ചൻ നല്ല പുകവലിക്കാരൻ ആയിരുന്നു. തെറുപ്പ് ബീഡിയാണ് മുഖ്യ ഐറ്റം. വെള്ളം കുടിക്കാൻ കിട്ടിയില്ലെങ്കിലും വേണ്ടിയില്ല ബീഡി വേണം എന്ന അവസ്ഥയായിരുന്നു. അങ്ങിനെ വർഷങ്ങൾ പുക വലിച്ച് വലിച്ച് കാലിലെ ഞരമ്പുകളിൽ നിക്കോട്ടിൻ അടിഞ്ഞ് കൂടി വേദനയൊക്കെ അറിയാതെയായി. എവിടെയോ തട്ടി പഴുത്തതൊന്നും അറിഞ്ഞില്ല. പഴുപ്പ് മണക്കാൻ തുടങ്ങിയപ്പോഴാണ് ആശുപത്രിയിൽ എത്തിയത്. ഈ കെങ്കേത്തെ ഡോക്ടർ ആയിരുന്നു നോക്കിയിരുന്നത്. ഡോക്ടർ മുട്ടിന് താഴെ കാല് മുറിക്കാൻ നിർദ്ദേശിച്ചു. അത് ചെയ്തു. പക്ഷേ, പ്രശ്നം അവിടം കൊണ്ടൊന്നും അവസാനിച്ചില്ല. [illegible]

തന്റെ കാല് കുഴിമാടത്തിൽ ഉറങ്ങുന്നുണ്ടെന്ന് വല്യപ്പച്ചൻ എപ്പോഴും ആധി പിടിച്ചു. അവസാനം വല്യപ്പച്ചൻ മരിച്ചു.

'നീ ധ്യാനത്തിലിരിക്കുകയാണോ?' ടേബിളിൽ രണ്ടു കൈയ്യും വെച്ചിരിക്കുന്ന കൂട്ടുകാരനോട് ചുവന്ന ടീഷർട്ട് ധരിച്ച ചെറുപ്പക്കാരൻ ചോദിച്ചു.

'ഫിറ്റായാൽ ഞാൻ നിന്നെ പോലെ അല്ലെടാ... എനിക്ക് പഴയ കാര്യങ്ങൾ തികട്ടി വരും.' [illegible]

ശവത്തിന്റെ പോക്കറ്റിൽ കിടന്ന മൊബൈൽ വീണ്ടും അടിക്കാൻ തുടങ്ങി. വെയ്റ്റർ ഒരു ബിയറുമായി ശവത്തിന്റെ അരികിലെത്തിയതും റിങ്ങ് നിലച്ചു. ചാർജ് തീർന്നത് കൊണ്ടാണോ അതോ ആരും വിളിക്കാത്തതു കൊണ്ടാണോ എന്നറിയില്ല പിന്നീട് ഫോൺ ശബ്ദിച്ചതേയില്ല.

വെയിറ്റർക്ക് ഈ കളി മടുത്തു തുടങ്ങിയിരുന്നു. ഇത് പുലിവാലാകും. ഇവരൊക്കെ വലിയ ആളുകളാണ്. സ്വാധീനമുള്ളവരാണ്. തന്റെ ചെറിയ ജീവിതം ഈ അരണ്ട വെളിച്ചത്തിൽ ഒടുങ്ങി പോകുമോ എന്നയാൾ ഭയന്നു. അപ്പോൾ അയാൾ മുമ്പ് വഴക്കിട്ട് പോയ ഭാര്യയെ ഓർത്തു. അവൾ ഉണ്ടാക്കാറുള്ള മീൻകറി ഓർത്തപ്പോൾ അയാൾക്ക് കരച്ചിൽ വന്നു. വൃദ്ധൻ മരിച്ചുപോയെന്ന് ഉറക്കെ വിളിച്ചു പറയാൻ തോന്നി.

അന്നേരം ആരോ അയാളുടെ തോളിൽ കൈ വെച്ചു. മാനേജർ ആണ്. 'ഇപ്പോൾ സാറ് വിളിച്ചിരുന്നു.' [illegible]

മരണശേഷമുള്ള ദുർവിധിയെ പറ്റി മാനേജർക്ക് അപ്പോൾ തെല്ലു സങ്കടമുണ്ടായി. അയാൾ ഉടനെ ചെന്ന് സംഗീതത്തിന്റെ വോളിയം കൂട്ടി. ചുവന്ന ടീഷർട്ട് ഇട്ട ചെറുപ്പക്കാരൻ വെയിറ്ററെ വിളിച്ചു. കൈയ്യിലുള്ള ബിയർ ശവത്തിന്റെ ടേബിളിൽ വെക്കാനോ അതോ തിരിച്ചു കൊണ്ടുപോകാനോ എന്ന സന്ദേഹം അപ്പോഴാണ് വെയ്റ്റർക്ക് മാറിയത്. അയാൾ ബിയറുമായി ചെറുപ്പക്കാരുടെ ടേബിളിനരികിൽ സന്തോഷം വരുത്തി നിന്നു.

'ഇനി ഒന്നും വേണ്ട... ബില്ല് എടുത്തോളൂ.'

ചുവന്ന ടീഷർട്ട് ധരിച്ച ചെറുപ്പക്കാരൻ ഇത് പറയുമ്പോൾ അവന്റെ കൂട്ടുകാരൻ തല ഉയർത്താതെ ഇരുന്നു.

ഒരു ഫുൾ ബോട്ടിൽ പകുതിയിലധികം തീർത്തിട്ടും ഷോർട്ട് ഹെയറുള്ള സ്ത്രീക്ക് യാതൊരു ഭാവവ്യത്യാസവും ഉണ്ടായില്ല. അവർ ഒന്ന് എഴുന്നേറ്റ് നിന്ന് പാന്റ്സിന്റെ പോക്കറ്റിൽ നിന്ന് മൊബൈൽ എടുത്ത് ടേബിളിൽ വെച്ചു. [illegible]

ബില്ല് വന്നപ്പോൾ ഒരു കാറ്റ് ബാറിലൂടെ നടക്കുന്നതായി കൂട്ടുകാരൻ ചുവന്ന ടീഷർട്ട് ഇട്ട ചെറുപ്പക്കാരനോട് പറഞ്ഞു. 'നീ ഫിറ്റ് ആയാൽ എപ്പോഴും ഒരു മാന്ത്രികൻ ആണ്.'

'എടാ ആ കിഴവൻ ഒരു പിശാചാണ്...'

'പോടാ... പുറത്തു പോയി കാറ്റ് കൊണ്ടാൽ നിന്റെ പ്രശ്നം മാറിക്കൊള്ളും.' അവർ ടിപ്പ് കൊടുത്തു ബാറിന്റെ പിൻവാതിലിലൂടെ പുറത്തേക്കിറങ്ങി.

[illegible]

വിനോദ് കൃഷ്ണ



ബിഹാറിൽ ജനനം. പാറ്റ്നയിലും കോഴിക്കോടുമായി വിദ്യാഭ്യാസം. ആദ്യ കഥ പാമ്പും കോണിയും ചില്ല മാസികയിൽ 2000-ത്തിൽ പ്രസിദ്ധികരിച്ചു. കണ്ണ് സൂത്രം ആദ്യ കഥാസമാഹാരം ഗ്രീൻ പെപ്പർ പബ്ലിക്ക 2016-ൽ പ്രസിദ്ധികരിച്ചു. ലോഗോസ് പ്രസിദ്ധികരിച്ച ഉറുമ്പ് ദേശം ആണ് പുതിയ കഥാ സമാഹാരം.

ഈലം എന്ന ചെറുകഥയെ ആസ്പദമാക്കി സംവിധാനം ചെയ്ത ചിത്രം, ഹോളിവുഡിലെ പ്രശസ്തമായ ചൈനീസ് തിയേറ്ററിൽ വെച്ച് നടന്ന ഗോൾഡൻ സ്റ്റേറ്റ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ബെസ്റ്റ് ഇന്റർനാഷണൽ ഫീച്ചർ ഫിലിം അവാർഡ് നേടി. പോർട്ടോറിക്കോയിലെ ബയമറോൺ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച പരീക്ഷണ ചിത്രത്തിനുള്ള ജൂറി പ്രൈസ് നേടി. റോം ഫിലിം അവാർഡ്, ഇറ്റലിയിൽ നിന്നുള്ള പ്രിസ്മ ഫിലിം അവാർഡ് (സംവിധാനം), എന്നിവയടക്കം 14 അന്താരാഷ്ട്ര പുരസ്കാരങ്ങൾ ഈലത്തിനു ലഭിച്ചു.

2003-ൽ കഥയെഴുതി സംവിധാനം ചെയ്ത ഡോക്യു ഫിക്ഷൻ വേൾഡ് സോഷ്യൽ ഫോറം ഫിലിം & വാട്ടർ ഇവന്റ് (മെക്സിക്കോ), വേൾഡ് സോഷ്യൽ ഫോറം മുംബൈ, ടോറോന്റോ ആക്ടിവിസ്റ്റ് ഫിലിം ഫെസ്റ്റിവൽ എന്നിവിടങ്ങളിൽ ഒഫിഷ്യൽ എൻട്രി.

16 വർഷം, ഡൽഹി പ്രസ്സ് മാഗസിൻ ഗ്രൂപ്പിൽ എഡിറ്റോറിയൽ ഇൻ ചാർജ് ആയിരുന്നു.

പോയട്രി ഇൻസ്റ്റാലേഷൻ എന്ന കലാരൂപത്തിന്റെ ഉപജ്ഞാതാവ്. 2015-ൽ ലോകത്തിലെ ആദ്യ 3D പോയട്രി ഇൻസ്റ്റലേഷൻ കൊച്ചി ദർബാർ ഹാളിൽ പ്രദർശിപ്പിച്ചപ്പോൾ ഉത്ഘടനം ചെയ്ത മല്ലിക സാരാഭായ് cross polination of Art എന്നു വിശേഷിപ്പിച്ചു. പോയട്രി ഇൻസ്റ്റലേഷൻ ലിംകാ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി. പിന്നീട് 2016, 2017, 2018 വർഷങ്ങളിൽ ഡാർവിഷ് മുഹമ്മദ്, തെൻസിന് സിന്ദു, അമൃത പ്രീതം, സച്ചിദാനന്ദൻ, നെരൂദ, ജോയ് മാത്യു, എന്നിവരുടെ കവിതകളുടെ 10 ഇൻസ്റ്റലേഷൻ ചെയ്തു.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014